**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** **31-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ യൂണിവേഴ്സിറ്റി അസ്സോസിയേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ യൂണിവേഴ്സിറ്റി അസ്സോസിയേറ്റ് പ്രൊഫസർ തെരഞ്ഞെടുപ്പിൽ ഇന്റർവ്യൂവിൽ ലഭിക്കുന്ന മാർക്ക് മാത്രമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ മാനദണ്ഡമാക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ യൂണിവേഴ്സിറ്റി അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് അഭിമുഖത്തിൽ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്ത് മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.<br>1. Research<br>2. Publication<br>3. Teaching Ability<br>4. Language Competence<br>5. Inter disciplinary and Domain Knowledge. |
| (ബി) | പ്രസ്തുത മാർക്ക് മാത്രമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ മാനദണ്ഡമാക്കേണ്ടതെന്ന് യു.ജി.സി. ചട്ടം നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | യു.ജി.സി. റെഗുലേഷൻ ചട്ടം 5.3-ൽ ഉദ്യോഗാർത്ഥികളുടെ അഭിമുഖത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ തയ്യാറാക്കി സെലക്ഷൻ കമ്മിറ്റി മിനുട്സ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. യു.ജി.സി. റെഗുലേഷൻ ചട്ടം 6-ൽ Merit, Credentials in different Parameters, Performance on grading system proforma, (Table 2, Appendix II of UGC Regulations 2010), Ability for Teaching ability, Research aptitude തുടങ്ങിയവ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി, യു.ജി.സി. നിഷ്കർഷിച്ച മാനദണ്ഡം അനുസരിച്ച് |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളെ അഭിമുഖം ചെയ്താണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. |
| (സി) | റിസർച്ച് സ്കോറും പബ്ലിക്കേഷനും അന്തിമ തിരഞ്ഞെടുപ്പിനെ ബാധിക്കില്ല എന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അഭിമുഖത്തിൽ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ റിസർച്ച്, പബ്ലിക്കേഷൻ എന്നിവ ഉൾപ്പെടുന്നുണ്ട്. |
| (ഡി) | ഗവേഷണം, പബ്ലിക്കേഷൻ എന്നീ ഘടകങ്ങൾക്കൂടി പരിഗണിച്ചാണോ ഇന്റർവ്യൂ ബോർഡിലുള്ള ഓരോ അംഗവും മാർക്ക് നിശ്ചയിക്കുന്നത്;വ്യക്തമാക്കാമോ; | (ഡി) | ഉദ്യോഗാർത്ഥികളുടെ ഗവേഷണം, പബ്ലിക്കേഷൻ എന്നിവ ഉൾപ്പെടെ വിശകലനം ചെയ്താണ് ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ മാർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |
| (ഇ) | പ്രസിദ്ധീകരണം, അദ്ധ്യാപന മികവ്, ഭാഷാ നൈപുണ്യം, പ്രധാന വിഷയത്തിലും ഇതര വിഷയങ്ങളിലും ഉള്ള അറിവ് എന്നിവ വിലയിരുത്തിയാണ് സെലക്ഷൻ കമ്മിറ്റി മാർക്കിടുന്നത് എന്ന് സർവ്വകലാശാല പത്രക്കുറിപ്പ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പത്രക്കുറിപ്പ് ഇറക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ? | (ഇ) | സർവ്വകലാശാല പത്രക്കുറിപ്പ് നൽകിയിട്ടുണ്ട്. സർവ്വകലാശാല മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി UGC റെഗുലേഷൻ 2018, Appendix II, Table 2 പ്രകാരം അവകാശപ്പെട്ട സ്കോറും സെലക്ഷൻ കമ്മറ്റി ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്ത് അഭിമുഖത്തിൽ അനുവദിച്ച മാർക്കും ബന്ധപ്പെടുത്തി വസ്തുതാരഹിതമായ വാർത്തകൾ മാധ്യമങ്ങളിൽ വന്ന സാഹചര്യത്തിലാണ് പത്രക്കുറിപ്പ് നൽകി യിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ